RAO BAHADUR RAJYASEVANIRATA DR. N. KUNJAN PILLAI: I know that the course in the Indian School of Medicine is of a higher standard than that of our College.

I was saying that the Government should proceed very cautiously in the matter of developing Ayurvedic system. I think it is better to postpone the starting of further Ayurvedic hospitals on a very large scale, until Government have examined the working of the department and appointed a competent man as its head who will be able to bring into effect the various suggestions made by the honourable. members.

I can assure Mr. Velayudhan Pillai that he has the sympathy of the Government and that the whole question will be examined thoroughly and steps taken as soon as possible to make the Ayurvedic institutions really useful and effective.

MR. T. P. VELAYUDHAN PILLAI: Sir, I press the motion.

The Resolution was put to the vote of the House and carried.

RECRUITMENT TO PUBLIC SERVICE.

(This Assembly recommends to the Government that public service recruitment be made on the basiis of territorial representation.)

MR. T. C. KESAVA PILLAI: ഈ പ്രമേയം സഭാസമക്ഷം ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു. തിരുവിതാംകൂറിൽ റവന്യൂ മാന്വലിലെ പല പ്രൊസീഡിംഗ്സുകളും വായിച്ചുനോക്കിയാൽ തിരുവിതാംകൂറിൽ ഉദ്യോഗങ്ങളും ഭൂമിയും തമ്മിൽ വളരെ ബന്ധമുള്ളതായി കാണുന്നു. തിരുവിതാംകൂറിനെ ഏകോപിച്ചു ഒരു ഭരണത്തിൽ ആക്കിയതിൽ പിന്നീടു മുമ്പുണ്ടായിരുന്ന ചെറിയ രാജ്യങ്ങളുടെ ഭരണരീതിയെ മാറ്റി അവിടെ നിന്നും ഏതാനുംപേരെ തെക്കൻ തിരുവിതാംകൂറിൽ കൊണ്ടുവന്ന് രാജധാനിയിൽ ഭൂമികളും ദാനംചെയ്തു ഉദ്യോഗങ്ങൾ കൊടുത്തിട്ടുള്ളതായി കാണുന്നു. മുൻപു തിരുവിതാംകൂറിൽ അതാതു സ്വദേശത്തുള്ള ആളുകൾ തന്നെയാണ് കരം പിരിച്ചുകൊടുക്കുകയും മറ്റു കാര്യങ്ങൾ നടത്തുകയും ചെയ്തുവന്നിരുന്നതു്. ക്രമേക്കാലം കഴിഞ്ഞു മുഖം, അധികാരം, മുന്നിലമുതലായ പ്രാദേശിക ഭരണനിർവ്വാഹക സംപ്രദായങ്ങൾ ഏർപ്പെടുത്തിയതായും കാണുന്നുണ്ടു്. ഇപ്രകാരം ഇരുന്ന തിരുവിതാംകൂറിലെ ഉദ്യോഗങ്ങളെ സമീപകാലങ്ങളിൽ ഗവണ്മെൻറു അകത്തോട്ടു കൈ കടത്തി പല പ്രവർത്തികളും ചെയ്തിട്ടുണ്ടു്. ബ്രിട്ടീഷ് ഭരണത്തിൽ ഉയന്ന സ്ഥാനങ്ങളിൽ ഉള്ളതായ തരത്തിൽ പല മാറ്റങ്ങളും ചെയ്യുന്നതല്ലാതെ, ഇവിടത്തെപ്പോലെ താഴ്ന്ന സ്ഥാനങ്ങളിലുള്ള മാറ്റങ്ങളൊന്നും ചെയ്തു കാണുന്നില്ല. ഉദാഹരണമായി ബ്രിട്ടീഷ് ഇൻഡ്യയിൽ കാണുന്ന ഗ്രാമമുൻസിഫ്, കരണം, മുതലായ ഉദ്യോഗസ്ഥവ്യാഹക സംപ്രദായം ഇവിടെ നിറുത്തൽ ചെയ്തതു് എന്തു കൊണ്ടായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമോ? ശ്രീമാൻ. വി. പി. മാധവറാവുവിന്റെ കാലത്തിനുശേഷം ഇവിടെ അധികാരികളെന്ന ഉദ്യോഗത്തെ നിറുത്തി പ്രത്യേകം പ്രവർത്തികാരന്മാരെ നിയമിച്ചു. ആ അവസരത്തിൽ മുന്നില എന്നു പറയുന്ന അധികാരത്തിലെ ഭൂവിഭാഗത്തിന്റെ കാര്യം അല്ലെങ്കിൽ കുടും ബ അവകാശത്തേയും കൈവശത്തേയും വച്ചു പാലിച്ചു കൊണ്ടുപോകുന്ന പതിവും നിറുത്തി. തണ്ടപ്പോറൻ എന്നു പറയുന്ന ആ പുരാതീനസമ്പ്രദായത്തേയും നിറുത്തലാക്കി ചെയ്തു.

MR K. NARAYANA PERUMAL NADAR : Sir, I rise to a point of order The matter is prehistoric. And, therefore, the speech is irrelevant.

CHAIRMAN : It is for the Chair to say that.

MR. T. C. KESAVA PILLAI : ഫാവ്യാനന്തരം പ്രസവിച്ചതായ മി. നാടാർ "പ്രീ ഹിസ്റ്റാറിക്" എന്നു പറഞ്ഞു കൊണ്ടുവന്ന ആക്ഷേപത്തിനു സമാധാനം പറയണമെന്നു വിചാരിക്കുന്നില്ല.

At this stage the President took the Chair.

MR. T. C. KESAVA PILLAI : പ്രാദേശികമായ കാര്യത്തെപ്പറ്റി പറയേണ്ട അവസരത്തിൽ മുമ്പും ഇപ്പോഴുമായി നടക്കുന്ന നടപടികളുടെ വ്യത്യാസത്തെ കാണിക്കേണ്ട ആവശ്യമുണ്ട് മുൻപു ഭൂമി കൈവശം വച്ചു കൊണ്ടിരിക്കുന്നവക്കാണ് അതിന്റെ കരം പിരിച്ചെടുക്കുന്ന അധികാരം കൊടുത്തിരുന്നത്. അതുപോലെ തന്നെ ദേശകാവൽ എന്ന പേരിൽ ചില ഉദ്യോഗങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്പോഴും കാവൽക്കാർ എന്ന പേരിൽ ചിലരെ നിയമിച്ചിട്ടുണ്ട്. ഇന്നും ശമ്പളം ഇല്ലെങ്കിലും ദേശകാവൽ എന്ന പേരിൽ ചിലരെ അറിയാം. ഉദ്യോഗസ്ഥന്മാർ പോയാൽ ദേശകാവൽക്കാർ അവരെ കാണാൻ വന്നു നിന്നാലെ അവക്കുതന്നെ ഒരു അന്തസ്സുള്ളൂ. ഇത്തരത്തിലുള്ള ഉദ്യോഗങ്ങൾക്കും സംപ്രദായങ്ങൾക്കുമെല്ലാം പല ഭേദഗതികളും വരുത്തിയിട്ടുണ്ട്. ഷെഷ്ക്കാരന്മാരുടെ പേരു മാറി എന്നു മാത്രമല്ല അദ്ദേഹത്തിനു മുൻപുണ്ടായിരുന്ന പല അധികാര അവകാശങ്ങളേയും എടുത്തുകളയുകയും ചെയ്തു. പണ്ടു ഒരു ഗ്രാമാധികാരിക്ക് അവിടെയുള്ളവരെ ശിക്ഷിക്കാനുള്ള അധികാരം കൂടി ഉണ്ടായിരുന്നതായി കാണാം. ഇപ്പോൾ അവക്കു ആ അധികാരം ഇല്ല. ആ അധികാരം അവരിൽ നിന്നു എടുത്തിരിക്കുന്നു എന്നുള്ളതിനു ഇതുവരെ ഒരു ഉത്തരവും പാസാക്കിയിട്ടുള്ളതായി അറിയുന്നില്ല. പീനൽക്കോടും ക്രിമിനൽകോടും ഇപ്പോൾ നടപ്പിൽവന്നതുകൊണ്ട് അതില്ലാ എന്നുവരിക്കാം. ഓരോ കുടും

LIBRARY ARCHIVES Kerala Legislative Assembly

[T. C. Kesava Pillai]

ബത്തേക്കും പാരമ്പര്യമായും പിൻതുടർച്ചാവകാശവഴിയായും കിട്ടിക്കൊണ്ടിരുന്ന അവകാശങ്ങളെ പിടിച്ചു പറിച്ചതുപോലെ എടുത്തുകളഞ്ഞിരിക്കുന്നു. അതുപോലെ തെക്കൻ തിരുവിതാംകൂറിലെ ഒരു വലിയ കുഡും ബത്തിലേക്കു ഉണ്ടായിരുന്ന മേലെഴുത്തുപിള്ള എന്ന ഉദ്യോഗത്തെയും നിറുത്തൽ ചെയ്തിരിക്കുന്നു.

MR. C. JABAMONY NADAR. ആ വീട് ഏതാണ്?

MR. T. C. KESAVA PILLAI. അവർ നല്ല കണക്കന്മാരാണ്. മേലെഴുത്തുപിള്ള എന്നു പറയും. നാഞ്ചിനാട്ടുപിള്ളമാരാണ്. ബ്രിട്ടീഷ് ഇൻഡ്യയിലേർപ്പെടുത്തിയിരിക്കുന്ന ചില നല്ല കായ്ങ്ങൾ ഇവിടേയും പ കർത്താവുന്നതായിട്ടുണ്ട്. അതിലൊന്നാണ് ഇതും.

ആ കായ്വും പോകട്ടെ. ഇപ്പോൾ ഏതാനും ടൗണുകളിലും ഏതാനും സ്ഥാനങ്ങളിലുമുള്ള ആളുകൾക്കാണ് ഉദ്യോഗം അധികം കിട്ടുന്നത്. പണ്ടത്തെ ഗ്രാമമുൻസിഫന്മാരേയോ അധികാരികളേയോ നിയമിച്ചിരുന്നതുപോലെ ഇനിമേൽ നിയമിക്കുവാൻ നിവർത്തിയില്ല. അതാതു പബ്ലിക്കു സർവീസ് കമ്മീഷൻ മുഖം മി. രാഘവയ്യയുടെ ഒരു ആർഡറും പ്രതിബന്ധമായി നിൽക്കുന്നുണ്ട്. പിന്നീടു പല പ്രാവശ്യം ഈ സഭയിൽ വച്ചു തന്നെ കുറേസമ്മതം പോലെയുള്ള ഗവണ്മെൻറിന്റെ ചില അനുഗ്രഹങ്ങളും ചില സമുദായക്കാർക്കു കിട്ടിയിട്ടുണ്ട്. ഇതിനിടയ്ക്ക് സ്ത്രീകളുടെ കായ്വും നോക്കണം. പ്രാദേശിക കായ്ംക്രമം നോക്കണമെന്നു പറയുമ്പോൾ വലുതായ കുഴപ്പത്തിൽ കിടക്കുന്ന ഇവിടത്തെ ഈ പബ്ലിക്കു സർവീസിലെ നിയമനങ്ങൾ ഈശ്വരൻ വിചാരിച്ചാൽപോലും ശരിയായി നടത്തുവാൻ സാധിക്കുകയില്ലെന്നു അവതാരകനായ എനിക്കു തന്നെ അറിയാം. എന്നാൽ ഇതിനൊരു ക്രമപ്പെടുത്ത വയ്ക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. പബ്ലിക്കു സർവീസ് കമ്മീഷണർ ക്രിസ്ത്യാനികളുടെ എണ്ണമാണ് നോക്കുന്നത് വടക്കുള്ള ക്രിസ്ത്യാനികളും തെക്കുള്ള ക്രിസ്ത്യാനികളും രണ്ടും രണ്ടാണ്. തെക്കൻതിരുവിതാംകൂറിലുള്ള ലാറ്റിൻ ക്രിസ്ത്യാനികൾക്കു ജനസംഖ്യ കൂടുതലെങ്കിലും പഠിത്തം വളരെ കുറയും. അവർ പബ്ലിക്കു സർവീസ് കമ്മീഷണരുടെ അടുക്കൽ ചെന്നാൽ അതിനകത്തു കയറുകയില്ല. ആരുടെയെങ്കിലും എഴുത്തു കൊടുക്കാമെന്നു വച്ചാൽ അതു ശുപാർശയുമായി. നായരുടെ കാര്യമാണെങ്കിൽ ഒരുപക്ഷേ വടക്കൻ പറവൂരിൽ ഉള്ള നായർക്കു പല സ്വാധീനശക്തികളും

LIBRARY ARCHIVES Kerala Legislative Assembly

കണ്ടേക്കാം. അതിനാൽ അവിടെയുള്ളവരിൽ അധികം പേർക്കും ഇവിടെ ജോലി കിട്ടി എന്നും വരാം. അതു കൊണ്ട് ഓരോ താലൂക്കുകളിലും ഇത്ര ജോലികാം വീതം എന്ന് തിരിച്ചുവച്ചു അതിൽ ക്രിസ്ത്യാനികാംക്കിത്ര, നായക്കു ഇത്ര, ബ്രാഹ്മണക്കു ഇത്ര, സ്ത്രീകാംക്കു ഇത്ര എന്നിങ്ങനെ കഴിയുന്നിടത്തോളം ജാതിതിരിച്ച് വ്യവസ്ഥ ചെയ്യുന്നതായാൽ അതു ഓരോ താലൂക്കിലേയും ശാശ്വതമായ നന്മക്കു ഗുണപ്രദമായിത്തീരും.

MR. K. T. THOMAS : I would like to know what the honourable member would deem as the territorial unit as contemplated in his resolution.

MR. T. C. KESAVA PILLAI : 'ടെറിട്ടോറിയൽ' പ്രൊസെന്റേഷൻ എന്നതുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു് എന്താണെന്നു പറയാം. വടക്കൻ തിരുവിതാംക്കൂറിലുള്ള അഞ്ചു നായരേയൊ അല്ലെങ്കിൽ കുറെ കത്തോലിക്കാരേയൊ പബ്ലിക്കു സർവീസ് കമ്മീഷണർ നിയമിച്ചാൽ തെക്കൻതിരുവിതാംക്കൂറിലുള്ളവക്കു പരാതി പറവാൻ നിവൃത്തിയില്ല.

പ്രാദേശികമായി അവക്കു പ്രാതിനിധ്യം കിട്ടണമെങ്കിൽ അതിനു് വേറെ വ്യവസ്ഥ ചെയ്യണം. പഴയ കാലത്തു ഒരു ഉദ്യോഗത്തിനു ഇപ്പണമാണു ശമ്പളം. അതു വേണ്ടാ എന്നു വച്ചേക്കാമായിരുന്നു. ഇപ്പോഴം ഇരുന്നൂറും അഞ്ഞൂറും രൂപയാണ് ശമ്പളം. അതിന്റെ അംശം കഴിയുന്നിടത്തോളം പ്രാദേശികമായിട്ടും കിട്ടാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് അതിനെപ്പറ്റി ശക്തിമത്തായി വാദിക്കേണ്ടതുതന്നെയാണു്.

MR K. P. KOCHUKORA TARAKAN : പ്രദേശികം എന്നു പറഞ്ഞതു പകുതിയെന്നൊ താലൂക്കു് എന്നൊ, കര എന്നൊ, ഏതാണു മെമ്പർ ഉദ്ദേശിച്ചിരിക്കുന്നതു്?

MR. T. C. KESAVA PILLAI : കഴിയുന്നിടത്തോളം താലൂക്കു് തന്നെ വേണം, പക്ഷെ ജനസംഖ്യകൂടി നോക്കണം.

ഇതു് ഉടനടി ചെയ്യണമെന്നല്ലാ ഞാൻ പറയുന്നതു്. സ്ത്രീകാം ഉദ്ദേശ്യത്തേയുള്ള ഒരു കമ്മിറ്റി ഏർപ്പെടുത്തി ഇതിനെപ്പറ്റി ആലോചിക്കണമെന്നാണു്.

MR. KOTTALIL P. ABRAHAM : വടക്കൻ തിരുവിതാംക്കൂർ, തെക്കൻ തിരുവിതാംക്കൂർ എന്നൊക്കെ മെമ്പർ പറഞ്ഞുവല്ലൊ. ഇതിന്റെ അതിർത്തി ഏതാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI : കന്യാകുമാരിമുതൽ പറവൂർവരെയുള്ളതാണ് തിരുവിതാംകൂർ അതിനപ്പുറമുള്ളതു.....

PRESIDENT : The honourable member will proceed with his speech.

MR. T. C. KESAVA PILLAI : ഞങ്ങളുടെ നാട്ടിൽ ആരുംതന്നെ പോലീസ് ഇൻസ്പെക്ടറന്മാരായിട്ടില്ല. എക്സൈസ് ഇൻസ്പെക്ടറന്മാരില്ല. ഒരു തഹശീൽദാർപോലും ഇല്ല. മുൻപു കുറെ പട്ടാളക്കാരെങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ അതും ഇല്ല. മരാമത്തു കൺട്രാക്ടറൊ അബ്ക്കാരി കൺട്രാക്ടർ പോലുമൊ ഇല്ല. അങ്ങിനെ ഞങ്ങൾക്കു ക്ലർക്കുവേലപോലും കിട്ടുകയില്ലാ എന്നാണു വന്നിരിക്കുന്നതു്. അതുകൊണ്ടു ഞങ്ങളെ അധഃകൃതവർഗ്ഗത്തിലെങ്കിലും ചേർത്തു വല്ല കാളനിയൊ മറ്റൊ ഏർപ്പെടുത്തിത്തന്നാൽ കൊള്ളാമായിരുന്നു.

RAO BAHADUR RAJYASEVANIRATA DR. N. KUNJANN PILLAI : നാലഞ്ചു ദിവസത്തിനു മുൻപു് കമാൻഡിംഗ് ആഫീസർ കഴിത്തുറ മുതലായ സ്ഥലങ്ങളിൽ പട്ടാളത്തിൽ ആളുകളെ എടുക്കുന്നതിനു പോയിരുന്നു എന്നറിയാമൊ?

MR. T. C. KESAVA PILLAI : എന്തു കേട്ടു. അവിടെചെന്ന നായന്മാരോടു നിങ്ങളെ എടുക്കുന്നതിനു ചട്ടം അനുവദിക്കുന്നില്ലാ എന്നും നിങ്ങളുടെ അവകാശപ്രകാരമുള്ളവരെ എടുത്തുപോയി എന്നും പറഞ്ഞു അവരെ വിട്ടതായി അറിയാം.

RAO BAHADUR RAJYASEVANIRATA DR. N. KUNJAN PILLAI : കൊടുക്കാവുന്നവക്കു കൊടുത്തു. അവിടേയും ജാതിതിരിച്ചു വേണമെന്നാണൊ മെമ്പറിന്റെ അഭിപ്രായം?

MR. T. C. KESAVA PILLAI : പ്രദേശികമായി ഉദ്യോഗങ്ങൾ കൊടുക്കുന്നതിനു എന്തെങ്കിലും വ്യവസ്ഥചെയ്യണമെന്നെ ഞാൻ പറയുന്നുള്ളൂ. ആയതിനാൽ തിരുവിതാംകൂറിലെ സർക്കാർ ഉദ്യോഗം താല്യക്കു തിരിച്ചും ജാതിതിരിച്ചും ഉണ്ടാകണമെന്നും ആയതിലേക്കു ഒരു കമ്മറിയെ നിയമിക്കണമെന്നും പറഞ്ഞു ഈ പ്രമേയം അവതരിപ്പിക്കുന്നു.

PRESIDENT : Anybody to second ?

(No one stood up)

The resolution fell through for want of a seconder.

LIBRARY ARCHIVES Kerala Legislative Assembly